# ആൺവാർത്തകളും പെൺവാർത്തകളും

എം. പി. ബഷീർ

കഴിഞ്ഞ ലക്കം തുടർച്ച

മാധ്യമങ്ങൾ പുറത്തുവിടുന്ന സ്ത്രീ ചിഹ്നങ്ങൾ പുരുഷകേന്ദ്രീകൃതമാകുന്നതും അതുകൊണ്ടുതന്നെ മലയാള മനോരമ, മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ്, ദി ഹിന്ദു എന്നീ നാലു പ്രധാന പത്രങ്ങളിൽ കേരളത്തിലുള്ള വനിതാ ജേർണലിസ്റ്റുകളുടെ എണ്ണം ഈ പ്രാതിനിധ്യക്കുറവ് വ്യക്തമാക്കുന്നു. സബ് എഡിറ്റർ/റിപ്പോർട്ടർ തലത്തിൽ ഈ പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 243 പേരിൽ 21 സ്ത്രീകൾ മാത്രമാണുള്ളത്. ചീഫ് റിപ്പോർട്ടർ/ചീഫ് സബ് എഡിറ്റർ തസ്തികയിലുള്ള 74 പേരിൽ മൂന്നു സ്ത്രീകളും ഡെപ്യൂട്ടി ന്യൂസ് എഡിറ്റർ സ്ഥാനത്തുള്ള 50 പേരിൽ രണ്ട് സ്ത്രീകളുമാണുള്ളത്. ഈ പത്രങ്ങളിൽ ന്യൂസ് എഡിറ്റർ/സ്പെഷ്യൽ കറസ്പോണ്ടന്റ് തലത്തിൽ ആകെയുള്ള 31 പേരിൽ ഒരു സ്ത്രീ പോലുമില്ല.

മുസ്‌ലീം മാനേജ്മെന്റുകൾ നടത്തുന്ന മാധ്യമം, ചന്ദ്രിക, സിറാജ് എന്നീ പത്രങ്ങളിൽ എഡിറ്റോറിയൽ അടക്കം ഒരു വിഭാഗത്തിലും സ്ത്രീകളെ വേണ്ടെന്ന് നിയമപരമായ തീരുമാനമുണ്ട്. മറ്റു പത്രങ്ങളിൽ പലതും പ്രയോഗത്തിൽ ഇതുതന്നെ ചെയ്യുന്നു. മാധ്യമത്തിന്റെ ഞായറാഴ്ച പതിപ്പിൽ 'മാധ്യമങ്ങളിലും ആൺപോരിമയോ' എന്ന തലക്കെട്ടിൽ സനിതാ നിത്യാനന്ദ ഇതു സംബന്ധിച്ച് ഒരു ലേഖനം എഴുതിയിരുന്നു. മാധ്യമം പത്രാധിപർ ഒ. അബ്ദുൾറഹിമാൻ 'മാധ്യമരംഗത്തെ സ്ത്രീ പങ്കാളിത്തം' എന്ന പേരിലെഴുതിയ ഒരു മറുപടി ലേഖനത്തോടൊപ്പമാണ് സനിതയുടെ ലേഖനം അച്ചടിച്ചത്. മാധ്യമരംഗത്തെ സ്ത്രീ പങ്കാളിത്തത്തിന് തെളിവായി കോഴിക്കോട് തിരുവണ്ണൂരിലെ മാധ്യമം ഏജന്റ് മറിയത്ത എന്ന സ്ത്രീയുടെ ഫോട്ടോ സഹിതം അച്ചടിച്ച ലേഖനത്തിൽ കേരളത്തിൽ ജേർണലിസം സ്ത്രീകൾക്ക് പറ്റിയ പണിയല്ലെന്നാണ് അബ്ദുൾറഹിമാൻ സൂചിപ്പിക്കുന്നത്. അങ്ങനെ നിർബന്ധമാണെങ്കിൽ സ്ത്രീകൾ സ്വന്തമായി സഹകരണാടിസ്ഥാനത്തിൽ ഒരു സ്ത്രീപത്രം തുടങ്ങട്ടെ എന്നാണ് മാധ്യമം പത്രാധിപർ പറയുന്നത്. ഇത്ര വ്യക്തമായി പറയാറില്ലെങ്കിലും മിക്ക പത്രാധിപൻമാരുടേയും നിലപാട് ഇതുതന്നെയാണ്.

**30000 മുതൽ 75000 വരെ ഫീസ് നൽകി പത്രപ്രവർത്തനം പഠിക്കാനെത്തുന്ന പെൺകുട്ടികളിൽ നല്ലൊരു പങ്ക് മാധ്യമസ്ഥാപനങ്ങളിലെ സ്ത്രീവിരുദ്ധമായ നിലപാടുകൾ മൂലം ജോലിക്കു പുറത്തു നിൽക്കുകയാണ്. വിധുവും പ്രിയയുമടക്കം, ഈ വേലി മുറിച്ചുകടന്ന ചുരുക്കം ചിലർ അവരുടെ ജോലിയുടെ പേരിൽ അക്രമിക്കപ്പെടുമ്പോൾ ജയിക്കുന്നത് പിന്തിരിപ്പൻ നിലപാടുകൾ തന്നെയാണ്.**

ട്രെയ്നി സബ്എഡിറ്റർ/ട്രെയ്നി റിപ്പോർട്ടർ തലത്തിൽ രണ്ടുവർഷത്തെ പരിശീലനത്തോടെ പത്രപ്രവർത്തനം തുടങ്ങുന്നവരിൽ ഏതാനും വർഷങ്ങൾക്കകം നിർത്തിപ്പോകുന്നത് മിക്കവരും സ്ത്രീകളാണ്. പ്രമോഷന്റെ കാര്യത്തിലും പുറത്തേക്കുള്ള അസൈൻമെന്റുകളുടെ കാര്യത്തിലും സ്ത്രീവിവേചനം വ്യക്തമാണ്. "പ്രൊഫഷണലായ സ്ത്രീ പത്രപ്രവർത്തകരില്ല എന്ന നിലപാടാണ് മാനേജ്മെന്റുകൾ പുലർത്തുന്നത്. ഒരു പരീക്ഷണത്തിനു പോലും വലിയ അസൈൻമെന്റുകൾ സ്ത്രീകളെ ഏൽപ്പിക്കാൻ പത്രാധിപൻമാർ തയ്യാറല്ല." മനോരമയിലെ ഒരു വനിതാപത്രപ്രവർത്തക പറയുന്നു.

സമീപകാലത്ത് പ്രവർത്തനം തുടങ്ങിയ ടെലിവിഷൻ ചാനലുകളിൽ മാത്രമാണ് സ്ത്രീകൾക്ക് അല്പമെങ്കിലും പങ്കാളിത്തം ലഭിക്കുന്നത്. എങ്കിലും അത് എഡിറ്റോറിയൽ ശ്രേണിയിൽ ഏറ്റവും താഴെയുള്ള റിപ്പോർട്ടർ/സബ് എഡിറ്റർ തലത്തിലും വാർത്താവായനക്കാരിലും ഒതുങ്ങുന്നു. ഉയർന്ന തസ്തികകളിൽ സ്ത്രീകളെ നിയമിക്കാൻ മാനേജ്മെന്റുകൾ അറച്ചുനിൽക്കുന്നു.

അതേസമയം, കേരളത്തിലെ പത്രപ്രവർത്തന പരിശീലന കോഴ്സുകളിലെത്തുന്ന പെൺകുട്ടികളുടെ എണ്ണം വർഷം തോറും വർദ്ധിച്ചുവരുന്നു. ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജേർണലിസം കോഴ്സുകൾക്ക് പഠിക്കുന്ന 136 വിദ്യാർത്ഥികളിൽ 47 ശതമാനം പേർ പെൺകുട്ടികളാണ്. 1995ൽ അത് 29 ശതമാനം മാത്രമായിരുന്നു. അതായത് 30000 മുതൽ 75000 വരെ ഫീസ് നൽകി പത്രപ്രവർത്തനം പഠിക്കാനെത്തുന്ന പെൺകുട്ടികളിൽ നല്ലൊരു പങ്ക് മാധ്യമസ്ഥാപനങ്ങളിലെ സ്ത്രീവിരുദ്ധമായ നിലപാടുകൾ മൂലം ജോലിക്കു പുറത്തു നിൽക്കുകയാണ്. വിധുവും പ്രിയയുമടക്കം, ഈ വേലി മുറിച്ചുകടന്ന ചുരുക്കം ചിലർ അവരുടെ ജോലിയുടെ പേരിൽ ആക്രമിക്കപ്പെടുമ്പോൾ ജയിക്കുന്നത് പിന്തിരിപ്പൻ നിലപാടുകൾ തന്നെയാണ്. ഇത്തരം അക്രമങ്ങളെ അവഗണിക്കുന്ന സർക്കാരും പത്രപ്രവർത്തക സംഘടനകളും മാധ്യമസ്ഥാപനങ്ങളും തോൽപ്പിക്കുന്നത് കേരളീയ സാമൂഹിക വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കേണ്ട ചെറിയ ചെറിയ വിപ്ലവങ്ങളെയാണ്.

*(അവസാനിച്ചു)*